**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2023** **01-09-2022 - ൽ മറുപടിയ്ക്ക്**

**അഡ്വ. ശ്യാം കെ. പി. പോലീസ് മേധാവിക്ക് നൽകിയ പരാതിയിൻമേൽ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 11.06.2022-ന്എറണാകുളം ഹാർബർ പോലീസ് സ്റ്റേഷനിൽ തന്നെ വിവസ്ത്രനാക്കി നിർത്തിയതായി പറയപ്പെടുന്ന പോലീസ് നടപടിക്കെതിരെ അഡ്വ. ശ്യാം കെ. പി. 26.06.2022-ന് സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തുന്നതിന് കൊച്ചി സിറ്റി പോലീസ് കമ്മിഷണർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി സിറ്റി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തി പരാതിയിൽ അന്വേഷണം നടത്തി വരുന്നു. പരാതിക്കാരന്റേയും കൂടെ ഉണ്ടായിരുന്നയാളുടേയും മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. കേസിന്റെ അന്വേഷണ ഘട്ടത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയ മൊഴികളുടെയും റിപ്പോർട്ടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുവാൻ നിർവാഹമില്ല. |
| (ബി) | പ്രസ്തുത പരാതി അന്വേഷിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് അറിയിക്കാമോ; അന്വേഷണ ഉദ്യോഗസ്ഥൻ പരാതിക്കാരന്റെയും കൂടെ ഉണ്ടായിരുന്നവരുടെയും മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ മൊഴി പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (സി) | പരാതിക്കാരന്റെയും കൂടെ ഉണ്ടായിരുന്നവരുടെയും മൊഴി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അതിന് കാരണം വ്യക്തമാക്കാമോ; | (സി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു |
| (ഡി) | ഹാർബർ പോലീസ് സ്റ്റേഷൻ എസ്.ഐ. രാജൻ പരാതികാരനെയും കൂടെ ഉള്ളവരെയും കസ്റ്റഡിയിൽ വച്ചിട്ടുണ്ടോ എന്നും വിവസ്ത്രരാക്കി നിർത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (ഡി) | ഇത് സംബന്ധിച്ച പരാതി അന്വേഷണ ഘട്ടത്തിലാണ്. |
| (ഇ) | പ്രസ്തുത പരാതിയ്ക്ക് ആസ്പദമായി പറയപ്പെടുന്ന സംഭവം നടന്ന 11.06.2022-ന് ഹാർബർ പോലീസ് സ്റ്റേഷന്റെ പരിസര പ്രദേശങ്ങളിൽ മുഖ്യമന്ത്രിയുടെ പരിപാടികൾ എന്തെങ്കിലും നടന്നിരുന്നോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ | (ഇ) | മുഖ്യമന്ത്രിക്ക് 11/06/2022-ൽ ചെല്ലാനം കടൽ ഭിത്തി നിർമ്മാണ പദ്ധതി ഉദ്ഘാടനം ചെയ്യുന്ന പരിപാടി ഉണ്ടായിരുന്നു. കരുതൽ തടങ്കലിൽ പാർപ്പിച്ചിരുന്നോ എന്നതു സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | പ്രസ്തുത പരിപാടികളുടെ മുന്നോടിയായി അന്നേ ദിവസം മുഖ്യ പ്രതിപക്ഷ പാർട്ടിയുടെ എറണാകുളം ജില്ലയിലെ പ്രവർത്തകരെ കരുതൽ തടങ്കലിൽ വച്ചിരുന്നോ; എങ്കിൽ അന്നേ ദിവസം എറണാകുളം ജില്ലയിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ആരെയെല്ലാമാണ് കരുതൽ തടങ്കലിൽ വച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (എഫ്) | 11.06.2022-ന് ഹാർബർ പോലീസ് സ്റ്റേഷനിൽ അഡ്വ.ശ്യം കെ. പി. യ്ക്കും സുഹൃത്തുക്കൾക്കും നേരിടേണ്ടി വന്നതായി പറയപ്പെടുന്ന പോലീസ് നടപടികളെ സംബന്ധിച്ച് മതിയായ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എഫ്) | അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ജി) | പ്രസ്തുത പരാതിയിൽ നാളിതുവരെ ശേഖരിച്ചിട്ടുള്ള റിപ്പോർട്ടുകളുടെ എല്ലാം പകർപ്പുകൾ ലഭ്യമാക്കാമോ? | (ജി) | അന്വേഷണ ഘട്ടത്തിൽ പോലീസിന്റെ പക്കലുള്ള റിപ്പോർട്ടുകളുടെ പകർപ്പ് നൽകുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ